"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പവവിവ - പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക SNA അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പിഎം) വകുപ്പ്**

സ.ഉ.(സാധാ) നം.809/2024/SCSTD തീയതി,തിരുവനന്തപുരം, 13-09-2024

പരാമർശം:- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 04/09/2024 ലെ STDD/1340/2024-C3 നമ്പർ കത്ത്

**ഉത്തരവ്**

2023-24 വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിനുള്ള തുക SNA-PFMS സംവിധാനത്തിലൂടെ മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ, 2024-25 സാമ്പത്തിക വർഷം 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 2225-02-277-26-01-12(പ്ലാൻ) എന്ന കേന്ദ്ര വിഹിത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 300 ലക്ഷം രൂപയും 2225-02-277-26-02-12(പ്ലാൻ) എന്ന സംസ്ഥാന വിഹിത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപയും ചേർത്ത് ആകെ 400 ലക്ഷം രൂപ SNA അക്കൗണ്ടായ South Indian Bank ലെ 0119053000030737 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അനുമതിയും, ആയതിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷത്തെ തുകയും 2023-24 വർഷം വരെയുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 2225-02-277-26-01-12(പ്ലാൻ) എന്ന കേന്ദ്ര വിഹിത ശീർഷകത്തിലെ 300 ലക്ഷം രൂപയും 2225-02-277-26-02-12(പ്ലാൻ) എന്ന സംസ്ഥാന വിഹിത ശീർഷകത്തിലെ 100 ലക്ഷം രൂപയും ഉൾപ്പടെ ആകെ 400 ലക്ഷം രൂപ (നാന്നൂറ് ലക്ഷം രൂപ മാത്രം) South Indian Bank ലെ 0119053000030737 എന്ന SNA അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അനുമതിയും, ആയതിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പും 2023-24 വരെയുള്ള കുടിശ്ശിക ഇനത്തിലുള്ള തുകയും അനുവദിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ) കേരള, തിരുവനന്തപുരം
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Lizy Susan John
സെക്ഷൻ ഓഫീസർ
Date: 13-09-2024 17:10:16

പകർപ്പ്:

1. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ